# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4837

22.03.2018- ൽ മറുപടിയ്ക്ക്

## സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എൻ.ഷംസീർ<br>ശ്രീ.കെ.ദാസൻ<br>ശ്രീ.പി.കെ.ശശി<br>ശ്രീ.സി.കെ.ഹരീന്ദ്രൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി സർക്കാർ ഭൂമി പാട്ടത്തിന് ലഭ്യമാകുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) 1984 കേരള ഭൂമി പതിവ് ചട്ട പ്രകാരവും, 1995 ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ട പ്രകാരവും പരാമർശിക്കുന്ന പാട്ടത്തിനായുള്ള അപേക്ഷ നിർദ്ദിഷ്ട ഫോറത്തിൽ സമർപ്പിക്കുന്ന മുറയ്ക്ക് ഭൂമിയുടെ ലഭ്യതയ്ക്ക് അനുസരിച്ച് സർക്കാരിന്റെ അനുമതിയ്ക്ക് വിധേയമായാണ് പാട്ടം അനുവദിക്കുന്നത്. സർക്കാർ ഭൂമി പാട്ടത്തിന് ലഭ്യമാക്കുന്നത് സംബന്ധിച്ച് സഹകരണ വകുപ്പിന് മാത്രമായി പ്രത്യേക നിയമങ്ങൾ ഒന്നും തന്നെ ഇല്ല. |
| (ബി) സ്വകാര്യ സംരംഭങ്ങൾക്ക് നൽകുന്ന പരിഗണനയും വേഗതയും ആനുകൂല്യവും സഹകരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (ബി) ഇപ്രകാരത്തിലുള്ള ആക്ഷേപങ്ങൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ തരത്തിലുള്ള സഹകരണ സ്ഥാപനങ്ങൾക്ക് വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി സ്ഥല ലഭ്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ വകുപ്പ് തല ഇടപെടൽ നടത്തുന്നതിനും പൊതുവായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും നടപടി സ്വീകരിക്കുമോ; | (സി) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി നിലവിൽ സ്വന്തമായി മോർട്ട്ഗേജ് ചെയ്യുന്നതിന് ഭൂമിയുള്ള സംഘങ്ങൾക്ക് മാത്രമാണ് സാമ്പത്തിക സഹായം അനുവദിച്ചുവരുന്നത്. |
| (ഡി) സ്വകാര്യ വസ്തു ന്യായ വിലയ്ക്ക് വാങ്ങുന്നതിന് സംഘങ്ങൾക്ക് സാമ്പത്തിക സഹായവും കുറഞ്ഞ പലിശയ്ക്ക് വായ്പാ സൗകര്യവും ലഭ്യമാക്കുന്നതിനാവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുമോ? | (ഡി) നിലവിൽ ഇക്കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ